**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3707** **09-10-2025 - ൽ മറുപടിയ്ക്ക്**

**കോട്ടക്കൽ മണ്ഡലത്തിലെ കൃഷിഭവനുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കോട്ടക്കൽ മണ്ഡലത്തിലെ കൃഷിഭവനുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി നടപ്പാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്നും ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും അറിയിക്കാമോ; | (എ) | നബാർഡ് ആർ.ഐ.ഡി.എഫ് XXX-ൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ 18 കൃഷിഭവനെ സ്മാർട്ട് കൃഷിഭവൻ ആയി മാറ്റുന്നതിനുള്ള 25.6806 കോടി രൂപയുടെ പദ്ധതിയിൽ കോട്ടയ്ക്കൽ മണ്ഡലത്തിലെ ഇരുമ്പിളിയം കൃഷിഭവൻ സ്മാർട്ട് കൃഷിഭവൻ ആക്കി മാറ്റുന്നതിന് 142.67 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയിൽ കൃഷിഭവൻ നിർമ്മാണം, ഇന്റീരിയർ ആന്റ് ഫർണീച്ചർ പ്രവൃത്തികൾ, ഐ.റ്റി ഇൻഫ്രാസ്ട്രക്ച്ചർ, പ്ലാന്റ് ഹെൽത്ത് ക്ലിനിക്, ഫ്രണ്ട് ഓഫീസ് എന്നീ പ്രവൃത്തികളാണ് പ്രധാനമായും വിഭാവനം ചെയ്തിട്ടുള്ളത് . |
| (ബി) | മണ്ഡലത്തിലെ കൃഷിഭവനുകളെ സ്മാർട്ട് കൃഷിഭവനാക്കി മാറ്റുന്നതിന് എന്തെല്ലാം പ്രവൃത്തികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ; മണ്ഡലത്തിൽനിന്നും ഏതെല്ലാം കൃഷിഭവനുകളെയാണ് സ്മാർട്ട് കൃഷിഭവൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നറിയിക്കുമോ; | (ബി) | നബാർഡ് ആർ.ഐ.ഡി.എഫ് XXX-ൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ 18 കൃഷിഭവനെ സ്മാർട്ട് കൃഷിഭവൻ ആയി മാറ്റുന്നതിനുള്ള 25.6806 കോടി രൂപയുടെ പദ്ധതിയിൽ കോട്ടയ്ക്കൽ മണ്ഡലത്തിലെ ഇരുമ്പിളിയം കൃഷിഭവൻ സ്മാർട്ട് കൃഷിഭവൻ ആക്കി മാറ്റുന്നതിന് 142.67 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയിൽ കൃഷിഭവൻ നിർമ്മാണം, ഇന്റീരിയർ ആന്റ് ഫർണീച്ചർ പ്രവൃത്തികൾ, ഐ.റ്റി ഇൻഫ്രാസ്ട്രക്ച്ചർ, പ്ലാന്റ് ഹെൽത്ത് ക്ലിനിക്, ഫ്രണ്ട് ഓഫീസ് എന്നീ പ്രവൃത്തികളാണ് പ്രധാനമായും വിഭാവനം ചെയ്തിട്ടുള്ളത് . |
| (സി) | കോട്ടക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം കൃഷിഭവന് പുതിയ കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസലിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ; | (സി) | ഇരിമ്പിളിയം കൃഷിഭവനെ നബാർഡ് ട്രാഞ്ചെ XXX പദ്ധതിയിൽ ഉൾപ്പെടുത്തി സ്മാർട്ട് കൃഷിഭവൻ ആക്കുന്നതിന് നിലവിൽ കൃഷിഭവൻ കെട്ടിടം നിൽക്കുന്ന 5 സെന്റ് സ്ഥലത്തിനു പുറമെ, 3 സെന്റ് സ്ഥലം കൂടി കൃഷിഭവൻ കെട്ടിട നിർമ്മാണത്തിനായി വിട്ടുകിട്ടുകയും ആകെ 8 സെന്റ് സ്ഥലം ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സ്ഥലം നിർവഹണ ഏജൻസിയായ കേരള ലാൻഡ് ഡെവലപ്പമെന്റ് |

| | | | |
|---|---|---|---|
| | | | കോർപ്പറേഷന് കൈമാറുകയും നിലവിൽ അവിടുത്തെ സോയിൽ ടെസ്റ്റിംഗ് പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ഡിസൈൻ വർക്കുകൾ ചെയ്തു കഴിഞ്ഞിട്ടുണ്ട്. ടെണ്ടർ നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ഡി) | ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ 28 പദ്ധതി പ്രകാരമുള്ള സ്മാർട്ട് കൃഷിഭവനുകളുടെ പട്ടികയിൽ ഇരിമ്പിളിയം കൃഷിഭവനെ ഉൾപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കൃഷിഭവനെ സ്മാർട്ട് കൃഷിഭവനായി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) | ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ XXX പദ്ധതി പ്രകാരമാണ് ഇരിമ്പിളിയം കൃഷിഭവനെ സ്മാർട്ട് കൃഷിഭവനാക്കാൻ തെരഞ്ഞെടുത്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ